(ബി) ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളേയും സർക്കാരിതര ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ക്രൈസിസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) സുനാമി സാധ്യത സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സുനാമി ദുരന്തത്തെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലും പുനരധിവാസ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലുമാണ്. ദുരന്തത്തെതുടർന്ന് വീട് നഷ്ടപ്പെട്ടവരിൽ പലരും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നു. അവരെ താൽക്കാലിക ഭവനങ്ങൾ നിർമ്മിച്ച് 2005 ഫെബ്രുവരി 15-ഓടുകൂടി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. സ്ഥിരമായ വീടുകൾ 2005 മേയ് 15-നോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന 'ഒരു ഡിസാറ്റർ മാനേജ്മെന്റ് അതോറിട്ടി' ഇപ്പോൾ നിലവിലുണ്ട്. സർക്കാരിതര ഏജൻസികളെയും, കേന്ദ്ര-സംസ്ഥാന ഏജൻസികളെയും ഉൾപ്പെടുത്തി ഒരു ക്രൈസിസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(സി) ഡോ. എ. ഇ. മുത്തുനായകം, പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് ചെയർമാനായി ശാസ്ത്രജ്ഞന്മാരുടെ ഒരു സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വിദേശ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ

* 16 [16] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ വിദേശ സഹായത്തോടെ നടപ്പാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ ഉള്ളത്;

(ബി) ഇവയുടെ ഏകീകരണത്തിന് മേൽനോട്ടത്തിനും എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം, എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം, പ്രജനന ശിശു ആരോഗ്യ പദ്ധതി, ഐ.പി.ഡി. പ്രോജക്ട്, പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി എന്നിവയാണ് ആരോഗ്യ വകുപ്പിൽ വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) ഈ പദ്ധതികളുടെ രൂപീകരണത്തിനും, നടത്തിപ്പിനും മേൽനോട്ടത്തിനും വിലയിരുത്തലിനുമായി സംസ്ഥാന ജില്ലാതലങ്ങളിൽ സൊസൈറ്റികൾ/കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പദ്ധതിക്കും പ്രോഗ്രാം ആഫീസറോ നോഡൽ ആഫീസറോ ചുമതലക്കാരായുണ്ട്. സംസ്ഥാന സൊസൈറ്റികൾക്ക് ചീഫ് സെക്രട്ടറി/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയും ജില്ലാതല സൊസൈറ്റികൾക്ക് ജില്ലാ കളക്ടറും നേതൃത്വം നൽകുന്നു. ഇതിനെല്ലാം പുറമേ ഈ പദ്ധതികളെല്ലാം സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനുമായി ഒരു അഡീഷണൽ സെക്രട്ടറിയെ (പ്രോജക്ട്) പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന സൊസൈറ്റികളുടേയും ജില്ലാ സൊസൈറ്റികളുടേയും അവലോകനയോഗങ്ങളിൽ ഓരോ പദ്ധതിയുടേയും നടത്തിപ്പും പുരോഗതിയും വിലയിരുത്തുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും ജില്ലാമെഡിക്കൽ ആഫീസർമാരുടേയും പ്രതിമാസ അവലോകന യോഗങ്ങളിൽ എല്ലാ പ്രോഗ്രാമുകളുടേയും പുരോഗതി വിലയിരുത്തുകയും നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് ദേശീയ അവലോകന യോഗങ്ങൾകൂടി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇതിനു പുറമേ എല്ലാ പ്രോഗ്രാമുകളുടേയും വിശദമായ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകാറുണ്ട്.

സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഘടനയും നടപടിക്രമങ്ങളും

*17 [17] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

" കെ. പി. സതീശ്ചന്ദ്രൻ:

" ടി. കെ. ദേവകുമാർ:

" എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങാൻ ചുമതലപ്പെടുത്തിയിട്ടുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഘടനയിലും നടപടിക്രമങ്ങളിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly